(ബി) പൊന്നാനിയിൽ നിന്ന് മാണൂർ, അണ്ണക്കമ്പാട് എന്നീ വിദൂര പ്രദേശങ്ങളിലേയ്ക്ക് എത്തിപ്പെടുന്നതിന്റെ പ്രയാസങ്ങളും, സമയ ദൈർഘ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഇവിടെയുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പൊന്നാനി സ്റ്റേഷന്റെയും, ചങ്ങരംകുളം സ്റ്റേഷന്റെയും ഭാഗങ്ങൾ ചേർത്ത് എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി എടുക്കുമോ;

(ഡി) പൊന്നാനി സ്റ്റേഷന് മതിയായ വാഹന സൗകര്യം ഇല്ലാത്തതുമൂലം ക്രമസമാധാന പാലനം നടത്തുന്നതിന് പ്രയാസപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പൊന്നാനി പോലീസ് സ്റ്റേഷന് പുതിയ വാഹനം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകദേശം 50 കിലോമീറ്റർ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നിലവിലുള്ള പഴയ വാഹനത്തിന് പകരം പുതിയ വാഹനം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത രാഷ്ട്രീയപരമായ കേസുകൾ

207 (1951) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയപരമായ കേസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പിൻവലിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയപരമായ കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേസുകളിന്മേൽ 7559 കേസുകൾ രജിസ്റ്റർ ചെയ്യുകയും 33587 പ്രതികളെ അറസ്റ്റ് ചെയ്യുകയും, 6489 കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ മെറിറ്റ് പരിശോധിച്ച് കേസ് തുടരേണ്ടതില്ലെന്ന് തീരുമാനിക്കുന്ന കേസുകളിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച ശേഷം ക്രിമിനൽ നടപടി ക്രമത്തിലെ 321-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട ക്രിമിനൽ കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കുകയാണ് ചെയ്യുന്നത്. പിൻവലിച്ച കേസുകളുടെ വിശദാംശം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

ആറ്റിങ്ങൽ മേഖലയിലെ കുറ്റകൃത്യങ്ങൾ

208 (1952) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഡി.വൈ.എസ്.പി.യുടെ പരിധിയിൽ വരുന്ന മേഖലയിൽ വ്യാപകമായി കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുറ്റകൃത്യങ്ങളിലെ സ്വഭാവത്തിലെ വൈരുദ്ധ്യവും, എണ്ണത്തിലുണ്ടായിരിക്കുന്ന വർദ്ധനവും കണക്കിലെടുത്ത് ആറ്റിങ്ങൽ മേഖലയെ ഒരു എ.എസ്.പി.യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്